പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1462 — 06-03-2017 ൽ മറുപടിക്ക്

## തോട് ആഴം വെയ്ക്കൽ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ തോട് ആഴം വെയ്ക്കൽ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ; | എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ തോട് ആഴം വെയ്ക്കൽ പ്രവൃത്തി 10 പ്രവൃത്തികളായി തിരിച്ച് ടെൻഡർ ചെയ്തതിൽ 7 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റേ കാരണം ആരംഭഘട്ടത്തിൽ തന്നെ കടമക്കുടി പഞ്ചായത്തു മുഖേന തടഞ്ഞിരിക്കുകയാണ്. കൂടാതെ ടി. വർക്ക് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ രണ്ട് കേസുകൾ നിലനിൽക്കുന്നു. ഫോർട്ട്കൊച്ചി സബ് കളക്ടറുടെ സ്റ്റോപ് മെമ്മോയും നിലവിലുണ്ട്. ടി ഉത്തരവുകളിൻമേൽ ഒരു തീരുമാനം ഉണ്ടായാൽ മാത്രമേ ജൈവ വൈപ്പിൻ പ്രദേശത്തെ ചെളി നീക്കം ചെയ്യൽ പ്രവൃത്തികൾ തുടരുവാൻ സാധിക്കു കയുള്ളു. കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റേ പിൻവലിക്കാ നുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | ടി പ്രവൃത്തിയുടെ നബാർഡ് അനുവദിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 2018 മാർച്ചാണ്.. എന്നാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറ്റിറ്റിയുടെയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും സ്റ്റേ ഉത്തരവ് പിൻവലിച്ചാൽ മാത്രമേ ടി പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ച് മന്ത്രി തലത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ഉടനെ വിളിച്ചു ചേർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ